# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2644 14.12.2015 - ൽ മറുപടിക്ക്

## ശുദ്ധജല വിതരണ പദ്ധതികൾക്ക് നബാർഡ് ധനസഹായം

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | | മറുപടി<br>ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2011 മെയ് മാസത്തിനുശേഷം നാളിതുവരെയായി കണ്ണൂർ ജില്ലയിലെ ഏതെല്ലാം ശുദ്ധജല വിതരണ പദ്ധതികൾക്ക് നബാർഡ് ധനസഹായം ലഭിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും എത്ര തുക വീതം ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | ആർ.ഐ.ഡി.എഫ്.-20-ൽ പയ്യാവൂർ എരവെശ്ശി എന്ന പദ്ധതിക്ക് നബാർഡിൽ നിന്നും 35 കോടി രൂപയുടെ ധനസഹായം 2014-15-ൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ശിവപുരം-തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതിക്ക് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ? | (ബി) | ശിവപുരം-തില്ലങ്കരി ശുദ്ധജലവിതരണ പദ്ധതിക്ക് 2014-15-ലെ NABARD RIDF XX ലേക്ക് അനുമതി ലഭിക്കുന്നതിനു വേണ്ടി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം അനുമതി നൽകിയില്ല. ഇപ്പോൾ പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് DSR 2014 പ്രകാരം പുതുക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ